പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 166 10.06.2013 ൽ മറുപടിക്ക്

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് വേണ്ടി അക്വയർ ചെയ്ത ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് വേണ്ടി മുൻ സർക്കാരിന്റെ കാലത്ത് അക്വയർ ചെയ്ത ഭൂമി എത്രയായിരുന്നു; എത്ര ഭൂമി അക്വയർ ചെയ്യാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു ; എയർപോർട്ടിനാവശ്യമായ മൊത്തം ഭൂമിക്ക് എന്ത് തുക വിലയായി നൽകി ; | (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിനായി മുൻ സർക്കാരിന്റെ കാലത്ത് രണ്ടാം ഘട്ടമായി 1086 ഏക്കർ സ്ഥലം ഏറ്റെടുത്തിരുന്നു. രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിലുമായി 1874 ഏക്കർ ഭൂമി അക്വയർ ചെയ്യാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. രണ്ടാം ഘട്ടത്തിൽ എയർപോർട്ടിനായി അക്വയർ ചെയ്ത 1086 ഏക്കർ ഭൂമിക്ക് 227.17 കോടി രൂപ വിലയായി നല്കിയിട്ടുണ്ട്. കൂടാതെ മൂന്നാം ഘട്ടത്തിൽ അക്വർ ചെയ്യുന്ന ഭൂമിക്കായി 25.95 കോടി രൂപ ജില്ലാ കളക്ടർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം നല്കിയിട്ടുണ്ട്. |
| (ബി) | കിൻഫ്രയ്ക്ക് ഭൂമി അക്വയർ ചെയ്ത ഇനത്തിൽ കൊടുത്തു തീർക്കാനുള്ള പലിശ സഹിതമുള്ള മൊത്തം തുക എത്ര; അവശേഷിക്കുന്ന ഭൂമി കൂടി അക്വയർ ചെയ്യുന്നതിന് എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു ; | (ബി) | കിൻഫ്ര 1086 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് എടുത്ത വായ്പയുടെ എല്ലാ ബാദ്ധ്യതകളും അടച്ചു തീർത്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി അക്വയർ ചെയ്യുന്നതിന് ഏകദേശം 325 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (സി) | കിൻഫ്ര എയർപോർട്ടിനായി ഇതിനകം കൈമാറിയ സ്ഥലം എത്രയാണ് ? | (സി) | കിൻഫ്ര അക്വയർ ചെയ്ത 1086 ഏക്കറിൽ നിന്ന് 453 ഏക്കർ ഭൂമി സർക്കാരിന്, എയർപോർട്ടിന് കൈമാറാൻ വേണ്ടി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ